KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/09/ 2020

# മദ്യലഹരിയിൽ പോലീസ് വാഹനം എറിഞ്ഞ് തകർത്തവർ പിടിയിലായി

കൊല്ലം : പൊതുസ്ഥലത്തിരുന്ന് മദ്യപിക്കുന്നതിനെ സംബന്ധിച്ച് അന്വേഷിക്കാനെത്തിയ പോലീസ് സംഘത്തെ അക്രമിച്ച് പോലീസ് വാഹനം എറിഞ്ഞ് തകർത്ത പ്രതികൾ പോലീസ് പിടിയിലായി. 27.09.2020 രാത്രി 10.00 മണിക്ക് ശക്തികുളങ്ങര ക്ഷേത്രത്തിന് പടിഞ്ഞാറ് വശം പൊതുസ്ഥലത്ത് മദ്യപാനം നടക്കുന്നതായി അറിഞ്ഞ് അന്വേഷിച്ച് എത്തിയ പോലീസ് സംഘമാണ് ആക്രമിക്കപ്പെട്ടത്. ആക്രമണത്തിൽ പോലീസ് കൺട്രോൾറൂം 6 വാഹനത്തിന്റെ പുറക് വശത്തെ ചില്ലുകൾ പൂർണ്ണമായും പൊട്ടിയതിൽ വച്ച് 10000 രൂപായുടെ നാശനഷ്ടമുണ്ടായി. പൊതുസ്ഥലത്ത് മദ്യപിച്ചിരുന്ന സംഘം പോലീസിനെ കണ്ട് ചിതറിയോടിയ ശേഷം മറഞ്ഞ് നിന്ന് പോലീസിനെ ആക്രമിക്കുകയാണുണ്ടായത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികൾക്കെതിരെ പൊതുമുതൽ നശിപ്പിച്ചതിന് ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരവേ ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 29.09.20 രാവിലെ കാവനാട് ജംഗ്ഷനിൽ വച്ച് പ്രതികൾ പോലീസ് പിടിയിലായി. നീണ്ടകരയിൽ ആട്ടോഡ്രൈവറായി ജോലി നോക്കുന്ന ശക്തികുളങ്ങര കന്നിമേൽ സ്വദേശി വിനോദ് എന്ന് വിളിക്കുന്ന വിനീത് വിക്രമൻ(35), നീണ്ടകര പുത്തൻതുറ സ്വകാര്യ റസ്റ്റോറന്റിൽ ഷെഫ് ആയി ജോലിനോക്കി വരുന്ന ആലപ്പുഴ കൈനകരി സ്വദേശി  വിനു എന്നു വിളിക്കുന്ന ആന്റണി (27) എന്നിവരാണ് പോലീസ് പിടിയിലായത്. പ്രതികളെ മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കി ജുഡിഷ്യൽ കസ്റ്റഡിയിൽ റിമാന്റ് ചെയ്തു. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജു.എസ്സ്.റ്റിയുടെ നേതൃത്വത്തിൽ എസ്സ്.ഐമാരായ അനീഷ്.വി, അബ്ദുൽ സലിം, സിപിഓ ഉണ്ണികൃഷ്ണൻ നായർ തുടങ്ങിയവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



